ശ്രീ. എം. പി. ഗോവിന്ദൻ നായർ: അതൊരു സാധാരണ സംഭവമായി തോന്നുന്നില്ല. ആണെങ്കിലും അങ്ങനെ ശമ്പളം കിട്ടാതെയുണ്ടെങ്കിൽ വേണ്ട അന്വേഷണം നടത്തി പരിഹാരമുണ്ടാക്കാം.

പാഠ്യപുസ്തകങ്ങൾ

* 473. [8] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടിനൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷത്തിൽ സ്കൂളുകളിലെ പാഠപുസ്തകങ്ങൾ നിശ്ചയിക്കുന്നതിനും തിരഞ്ഞെടുക്കുന്നതിനും ഗവണ്മെന്റ് എന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(ബി) പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിലും അവ അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നതിലും കാലതാമസം മറ്റു കുഴപ്പങ്ങൾ ഇവ വരാതിരിക്കാൻ ഗവണ്മെന്റു പ്രത്യേക നിഷ്കർഷ കാണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ട്.

(ബി) അടുത്ത വർഷത്തെ പാഠപുസ്തകങ്ങൾ തക്കസമയത്തു അച്ചടിച്ചു വിതരണം ചെയ്യുന്നതിന് ഗവണ്മെന്റു വേണ്ട നടപടികൾ എടുത്തുകഴിഞ്ഞു.

പാഠ്യപുസ്തകങ്ങൾ മാറുന്ന സമ്പ്രദായം.

* 474. [9] ശ്രീ. പാറയിൽ ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964–65–ൽ ഏതെങ്കിലും ക്ലാസ്സുകളിലെ ടെക്സ്റ്റ് ബുക്ക് മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) കൂടെക്കൂടെ പാഠ്യപുസ്തകങ്ങൾ മാറുന്ന സമ്പ്രദായം നിരുത്സാഹപ്പെടുത്താൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ട്;

(ബി) സ്റ്റാൻഡേർഡ് 5–ലെ ഇംഗ്ലീഷ് റീഡർ, സ്റ്റാൻഡേർഡ് 7–ലെ മലയാളം, തമിഴ്, കന്നട, അറബിക്, സംസ്കൃതം, ഹിന്ദി എന്നീ റീഡറുകൾ, മാത്തമാറ്റിക്സ്, ജനറൽ സയൻസ്. സോഷ്യൽ സ്റ്റഡീസ് എന്നീ വിഷയങ്ങളിലെ പുസ്തകങ്ങൾ, സ്റ്റാൻഡേർഡ് 9–ലെ ഇംഗ്ലീഷ് റീഡർ, നാൺഡീറെയിൽഡും, സ്റ്റാൻഡാർഡ് 10–ലെ ഹിന്ദി, സ്റ്റാൻഡാർഡ് 5 മുതൽ 10 വരെയുള്ള തമിഴ് നാൺഡീറെയിൽഡ്.

(സി) സിലബസ്സിൽ മാറ്റം വന്നതുകൊണ്ടാണ് പുസ്തകങ്ങൾ മാറ്റേണ്ടിവന്നത്. നാൺഡീറെയിൽഡ് മൂന്നു കൊല്ലത്തിൽ ഒരിക്കലാണ് മാറ്റുന്നത്.

ശ്രീ. സി. എ. മാത്യു: അടുത്ത അദ്ധ്യയനവർഷത്തിൽ വിദേശസഹായം ലഭിക്കുന്നതനുസരിച്ച് സാമ്പത്തികശേഷി ഇല്ലാത്ത കുട്ടികൾക്കു സൗജന്യമായി പുസ്തകങ്ങൾ വിതരണം ചെയ്യാൻ സാധിക്കുമെന്നു പത്രറിപ്പോർട്ടുകൾ കണ്ടു. അങ്ങനെ സഹായം ലഭിച്ചിട്ടുണ്ടോ, ആരാണ് സഹായം നൽകാമെന്നു സമ്മതിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ: സ്വീഡിഷ് ഗവണ്മെന്റും, ആസ്ട്രേലിയൻ ഗവണ്മെന്റും കുറെ കടലാസ് സൗജന്യമായി ഈ ഗവണ്മെന്റിനു നൽകിയിട്ടുണ്ട്. ആ കടലാസ് ഉപയോഗിച്ച് പുസ്തകങ്ങളും അച്ചടിപ്പിച്ച് പാവപ്പെട്ട കുട്ടികൾക്ക് സൗജന്യമായി കൊടുക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ഹസ്സൻഗനി : മതസംബന്ധമായും, മത പ്രവാചകന്മാരെ സംബന്ധിച്ചുമുള്ള പാഠപുസ്തകങ്ങളും അച്ചടിപ്പിക്കുമ്പോൾ മതപണ്ഡിതന്മാരെ വിളിച്ചു വല്ല പരിശോധനയും നടത്തിയതിനുശേഷമാണോ അച്ചടിപ്പിക്കാറുള്ളത്. അതോ കമ്മിറ്റിക്കാർ ഇഷ്ടംപോലെ അച്ചടിപ്പിക്കുകയാണോ?

ശ്രീ. ആർ. ശങ്കർ : വിദഗ്ദ്ധന്മാർ അടങ്ങിയ സിലബസ്സ് കമ്മിറ്റി പ്രത്യേകം ഉണ്ട്. അവർ എഴുതി പ്രസിദ്ധീകരിക്കുകയാണു പതിവ്.

ശ്രീ. കെ. ഹസ്സൻഗനി: മതസംബന്ധമായും, മതപ്രവാചകന്മാരെപ്പറ്റിയും തെറ്റായ വിവരങ്ങളും ചില പുസ്തകങ്ങളിൽ കടന്നുകൂടിയിട്ടുള്ള അനുഭവം കാണുന്നുണ്ട്. അത്തരം തെറ്റു പറ്റാതിരിക്കാൻ അതിൽ പ്രത്യേക പാണ്ഡിത്യമുള്ളവരെ കൂടി അതു പരിശോധിക്കാൻ ചുമതലപ്പെടുത്തുമോ?

ശ്രീ. ആർ. ശങ്കർ: സാധാരണ ഗതിയിൽ കമ്മിറ്റിക്കു വേണ്ടിടത്തോളം അറിവില്ലാത്ത കാര്യമാണെങ്കിൽ, ശരിയായ വിവരം അന്വേഷിച്ചതിനു ശേഷമേ അച്ചടിക്കാറുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ എന്തെങ്കിലും പ്രത്യേക അറിവു വച്ചുകൊണ്ടാണ് പറയുന്നതെങ്കിൽ അതിനെപ്പറ്റി പറഞ്ഞാൽ അന്വേഷിക്കാം.

ശ്രീമതി കുസുമം: കഴിഞ്ഞ വർഷം പത്താം സ്റ്റാൻഡാർഡിൽ മലയാളം നാൺഡീറെയ്ൽഡായിരുന്ന 'ഓടയിൽ നിന്ന്' എന്ന പുസ്തകം മാറ്റുന്നതിനു ഈ സഭയിൽ തന്നെ വളരെയധികം ശബ്ദം ഉയർന്നതാണ്. ഈ വർഷമെങ്കിലും അതു മാറ്റി വേറൊരു പുസ്തകം എടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ആർ. ശങ്കർ : ആ പുസ്തകം മാറ്റണമെന്നു ചിലർ അഭിപ്രായപ്പെടുകയുണ്ടായി. അതു മാറ്റുന്നതിനുള്ള നടപടിയൊന്നും എടുത്തിട്ടില്ല. എങ്കിലും ആ പുസ്തകത്തിലെ ആക്ഷേപാർഹമാണെന്നു പറയപ്പെടുന്ന ഭാഗം, ഇനിയുള്ള പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്താതിരിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : പാഠപുസ്തകങ്ങളും മാറ്റേണ്ടിവന്നതു സിലബസ്സു മാറ്റിയതുകൊണ്ടാണെന്നു പറഞ്ഞു. ക്ലാസ്സുതോറും സിലബസ്സു മാറ്റാതിരിക്കാൻ ശ്രദ്ധിക്കുമോ? ഇന്നു കുട്ടികളുടെ സ്റ്റാൻഡാർഡു കുറയുന്നതു തന്നെ ക്ലാസ്സുതോറുമുള്ള ഈ മാറ്റം കൊണ്ടല്ലേ?

ശ്രീ. ആർ. ശങ്കർ : ഒരു ക്ലാസ്സിൽ സിലബസ്സു മാറ്റിയാൽ സ്വാഭാവികമായി അതിനെത്തുടർന്നുള്ള ക്ലാസ്സുകളിലും ആ മാറ്റം വേണ്ടിവരും. നേരത്തേ തുടങ്ങിയ ഒരു മാറ്റത്തെത്തുടർന്നാണ് ഇപ്പോൾ സിലബസ്സു മാറ്റിയതും പുസ്തകങ്ങളും മാറ്റിയതും.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: അടുത്ത വർഷത്തേക്കു പാഠപുസ്തകങ്ങളും നേരത്തെ തയ്യാറാക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടെന്നു പറഞ്ഞു. ഫെബ്രുവരി 21—ാംതീയതി വരെ കഴിഞ്ഞ വർഷത്തെ സംസ്കൃത പാഠപുസ്തകം വിതരണം ചെയ്യാൻ കഴിയാത്തതുകൊണ്ടു പ്രധാന പരീക്ഷയിൽ കുട്ടികൾക്കു ദോഷം സംഭവിക്കാതിരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ പ്രത്യേകം അറിയാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ വർഷം എല്ലാ പുസ്തകങ്ങളും സ്കൂൾ തുറക്കുന്നതിനുമുൻപുതന്നെ എല്ലാ സ്കൂളുകളിലും എത്തിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്തിരുന്നു. ഈ കാര്യത്തിൽ ഞാൻതന്നെ പേഴ്സനലായി പ്രത്യേകം താൽപ്പര്യം കാണിച്ചിരുന്നു. കഴിഞ്ഞ കൊല്ലം സാധാരണ ഉണ്ടാകാറുള്ള പരാതി ഈ കാര്യത്തിൽ ഉണ്ടായതുമില്ല. സ്കൂളുകൾ തുറന്നപ്പോൾതന്നെ എല്ലാ പുസ്തകങ്ങളും എത്തിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച പ്രത്യേക പുസ്തകത്തിന്റെ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ കൊല്ലം എന്തായാലും ഇങ്ങനെയുള്ള കഴപ്പും വരാതെ വേണ്ട ഏർപ്പാട് ചെയ്തിട്ടുണ്ട്. ഗവണ്മെന്റ് പ്രസ്സിൽത്തന്നെ എല്ലാ പുസ്തകങ്ങളും അച്ചടിപ്പിക്കാൻ കഴിയും. മിക്കവാറും പ്രൈവറ്റ് പ്രസ്സുകളെ ആശ്രയിക്കാതെതന്നെ അച്ചടിജോലി നടത്താൻ കഴിയും. ചില വിഷയങ്ങളെ സംബന്ധിച്ചിടത്തോളം ഉദാഹരണത്തിനു് കന്നട ഭാഷയിലുള്ള പുസ്തകം ഏതെങ്കിലും പ്രൈവറ്റ് പ്രസ്സിനെ ആശ്രയിച്ചാൽ മാത്രമേ അച്ചടിക്കാൻ സാധിക്കുകയുള്ളു.

ശ്രീ. കെ. അനിരുദ്ധൻ : സ്വീഡിഷ് ഗവണ്മെന്റും, ആസ്ട്രേലിയൻ ഗവണ്മെന്റും സൗജന്യമായി കടലാസു തന്നിട്ടുണ്ടെന്നു പറഞ്ഞു. സ്വീഡിഷ് ഗവണ്മെന്റ് എത്ര ടൺ കടലാസു് തന്നിട്ടുണ്ട് ; ആസ്ട്രേലിയൻ ഗവണ്മെന്റ് എത്ര ടൺ തന്നു ; അതു് ഏതേതു ഗവണ്മെന്റ് പ്രസ്സുകളിൽ ഏതേതു പുസ്തകങ്ങളും അച്ചടിപ്പിക്കാൻ കൊടുത്തു എന്നുള്ളതിനു വ്യക്തമായ ഒരു പട്ടിക മേശപ്പുറത്തു വയ്ക്കാമോ ?

ശ്രീ. ആർ. ശങ്കർ : ആദ്യം ചോദിച്ച ഭാഗം പറയാൻ പ്രയാസമില്ല—സ്വീഡിഷ് ഗവണ്മെന്റും, ആസ്ട്രേലിയൻ ഗവണ്മെന്റും എത്ര ടൺ കടലാസു വീതം തന്നു എന്ന വിവരം. പക്ഷേ, ഓർമ്മയിൽനിന്നു തെറ്റായ കണക്കു പറയുന്നതു ശരിയല്ലല്ലോ. സ്വീഡിഷ് ഗവണ്മെന്റ് കാര്യമായ ഒരു അളവു തന്നിട്ടുണ്ട്. ആസ്ട്രേലിയൻ ഗവണ്മെന്റും കുറെ തന്നിട്ടുണ്ട്. അതു ഏതെല്ലാം പ്രസ്സുകളിൽ എത്ര വീതം കൊടുത്തു എന്നു കണ്ടുപിടിക്കുന്നതുകൊണ്ടു വലിയ പ്രയോജനമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള : 'ഓടയിൽനിന്നു്' എന്ന അശ്ലീല പുസ്തകം മാറ്റി വേറൊന്നു് സ്വീകരിക്കണമെന്നു് ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. ആ പുസ്തകം മാറ്റിയിട്ടു്, ഒടുവിൽ കുഞ്ഞുകൃഷ്ണമേനോന്റെ,

'മുത്തണിസ്സനയുഗം പതിഞ്ഞിതാ
മെത്തമേലരിയ പാട്ടുകാണ്മു ഞാൻ
മത്തകാശിനി കമഴ്ന്നതിൽ കിട-
ന്നത്തലാറ്റിയതിനുണ്ട ലക്ഷണം'. എന്നഭാഗം

ഉൾക്കൊള്ളുന്ന പ്രസിദ്ധമായ 'വിനോദിനി' എന്ന ചെറുകഥാപുസ്തകം സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അതു പാഠപുസ്തകം ആക്കാതെതന്നെ എല്ലാവരും വായിച്ചിട്ടുള്ളതാണെന്നു ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ.

ശ്രീ. എൻ. ഗോപാലക്കുറുപ്പ് : സർ, ചോദ്യം വ്യക്തമായി കേൾക്കാതെയാണു് ഉത്തരം പറഞ്ഞതു്. ചോദ്യം ഒരിക്കൽക്കൂടി കേട്ടാൽ കൊള്ളാം.

[Mr. Chairman in the Chair]

Mr. Chairman : That is not necessary.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : മൂന്നു കൊല്ലത്തിൽ ഒരിക്കലാണു് ഉപപാഠപുസ്തകങ്ങൾ മാറുന്നതെന്നു പറഞ്ഞു. പാഠപുസ്തകങ്ങൾ എത്ര കൊല്ലം കഴിയുമ്പോഴാണു മാറുക ?

ശ്രീ. ആർ. ശങ്കർ: മറ്റു പുസ്തകങ്ങളും സാധാരണ ഗതിയിൽ മൂന്നു കൊല്ലത്തേക്കായിരിക്കണമെന്നാണു് വച്ചിരിക്കുന്നതു്. സിലബസിൽ മാറ്റം വരുത്തിയതുകൊണ്ടു് അതിനു മാറ്റം വന്നുവെന്നേയുള്ളു.

ശ്രീ. കെ. കൃഷ്ണപിള്ള : സാധു കുട്ടികൾക്കു് പുസ്തകങ്ങൾ സൗജന്യമായി കൊടുക്കുമെന്നു പറഞ്ഞു. അങ്ങനെ കുട്ടികളെ തിരിച്ചറിയാൻ എന്താണു് മാനദണ്ഡം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : രക്ഷാകർത്താക്കളുടെ വരുമാനം ആസ്പദമാക്കി നിശ്ചയിക്കും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : 'ഓടയിൽനിന്നു' എന്ന പുസ്തകത്തെ പരാമർശിച്ചു് നിയമസഭയിൽ അടിയന്തിരപ്രമേയചർച്ച നടത്തിയപ്പോൾ, മുഖ്യമന്ത്രിയുടെ മറുപടിപ്രസംഗത്തിൽ അതിൽ അശ്ലീലമായി മാറ്റപ്പെടേണ്ടതായി ഒന്നുമില്ലെന്നു പറഞ്ഞിരുന്നു. ഇപ്പോൾ ചില ഭാഗം മാറ്റാൻ നിർദ്ദേശം നൽകിയിരിക്കുന്നതു് എന്തടിസ്ഥാനത്തിലാണു് ; അതിൽ അശ്ലീലം ഉണ്ടെന്നു ഗവണ്മെൻറിനു തോന്നിയതിന്റെ അടിസ്ഥാനത്തിലാണോ ?

ശ്രീ. ആർ. ശങ്കർ : അശ്ലീലമല്ലാത്ത കുറെ ഭാഗം മാറ്റിയാലും വലിയ ദോഷമൊന്നും വരാനില്ല.

ബാലസാഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടി

* 475. [10] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലസാഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനു ഗവണ്മെൻറിനു് എന്തെങ്കിലും പരിപാടിയുണ്ടോ ;

(ബി) ബാലസാഹിത്യശാഖയുടെ വളർച്ചയ്ക്കു് ഗവണ്മെൻറിന്റെ സഹകരണത്തോടെ ഒരു ഗവേഷണകേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ബാലസാഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനു ഗവണ്മെൻറിനു പ്രത്യേകിച്ചു് ഒരു പരിപാടിയും നിലവിലില്ല. കേരളസാഹിത്യ അക്കാദമി ബാലസാഹിത്യത്തിന്റെ നിർമ്മാണത്തിനും പ്രസിദ്ധീകരണത്തിനും ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടു്. അതിന്റെ നടത്തിപ്പിനു ഗവണ്മെൻറു് ആണ്ടുതോറും ധനസഹായം അക്കാദമിക്കു നൽകുന്നുണ്ടു്.

(ബി) ആവശ്യമാണെന്നു ഗവണ്മെൻറു കരുതുന്നില്ല.

ശ്രീമതി കുസുമം : നമ്മുടെ കുട്ടികൾക്കു് വായനയിലുള്ള ഔൽസുക്യം വളർത്തുന്നതിനു ഇതു വളരെയധികം ആവശ്യമാണെന്നുള്ളതു കണക്കിലെടുത്തുകൊണ്ടു് കൂടുതൽ തുക ഈ വിഷയത്തിൽ അക്കാദമിക്കു നൽകുന്നതിനു ശ്രമിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അക്കാദമിക്കു ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾക്കു ആവശ്യമായ ധനം ഗവണ്മെൻറു കൊടുക്കുന്നുണ്ടു്. കൂടുതൽ വേണമെന്നു ഗവണ്മെൻറിനോടു് അക്കാദമി ആവശ്യപ്പെടുകയാണെങ്കിൽ അതേപ്പറ്റി ആലോചിക്കാം.

ശ്രീ. കെ. ഹസ്സൻഹനി : മലയാളമനോരമയുടെ കീഴിൽ വളരെയേറെ ബാലസാഹിത്യങ്ങൾ തയാറാക്കി പ്രസിദ്ധീകരിക്കുന്നുണ്ടു്. ഗവണ്മെൻറിൽ നിന്നും വല്ല സഹായവും ഇതിനു നൽകുന്നുണ്ടോ ? അക്കാദമിയിൽനിന്നും വല്ല സഹായവും ഇതിലേക്കു് എത്തിച്ചുകൊടുക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ആക്കൊക്കെയാണു് ധനസഹായം കൊടുക്കുന്നതെന്നുള്ളതിനു പ്രത്യേക ചോദ്യം വേണം. ഈ വിഷയത്തെപ്പറ്റി വളരെ വൈദഗ്ദ്ധ്യം ഉള്ള ആളുകൾ ഇൻഡ്യയിൽ പല സ്ഥലത്തും ഗവേഷണം നടത്തുന്നുണ്ടു്. അതുകൊണ്ടു് ഇവിടെ ഒരു ഗവേഷണം ഇതേപ്പറ്റി നടത്തേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly